## കെ.എസ്.ആർ.ടി.സി. ഫെയർ സ്റ്റേജുകൾ പുനർ നിർണ്ണയിക്കണമെന്ന ഹൈക്കോടതി വിധി

92 (1147) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ബസ് ചാർജ് വർദ്ധിപ്പിച്ചപ്പോൾ മിനിമം ചാർജിന് യാത്ര ചെയ്യാവുന്ന ദൂരം കി.മീ. നിരക്കിനെ 28 പൈസ കൊണ്ട് ഹരിച്ചു കിട്ടുന്ന ദൂരമായിരിക്കണമെന്ന ഹൈക്കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മിനിമം ചാർജിന് സഞ്ചരിക്കാവുന്ന ദൂരം നിജപ്പെടുത്തി ഫെയർ സ്റ്റേജുകൾ പുനർ നിർണ്ണയിക്കാമോ ;

(സി) ബസ് ചാർജ് വർദ്ധിപ്പിച്ചപ്പോൾ മിനിമം ചാർജിന് പരമാവധി യാത്ര ചെയ്യാവുന്ന ദൂരം നിശ്ചയിച്ചിട്ടില്ലാത്തതിനാലും രണ്ടാമത്തെ ഫെയർസ്റ്റേജായ 2.00 രൂപയും മിനിമം ചാർജായ 175 പൈസയും തമ്മിലുള്ള അന്തരം 25 പൈസ ആയതിനാൽ ഈ അപാകത പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽപ്പറഞ്ഞ തരത്തിൽ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധിയുണ്ടായി എങ്കിലും ആയത് ഡിവിഷൻ ബഞ്ച് റദ്ദാക്കിയിട്ടുണ്ട്.

(സി) മിനിമം ചാർജ്ജിന് സഞ്ചരിക്കാവുന്ന ദൂരം നിശ്ചയിച്ചിട്ടുണ്ട്. അതു പോലെ തന്നെ രണ്ടും മൂന്നും സ്റ്റേജിലേയ്ക്കുള്ള ഫെയറും ഗവൺമെന്റ് നോട്ടി ഫിക്കേഷനനുസരിച്ച് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇത് സർക്കാർ ബോധപൂർവ്വം സ്വീകരിച്ച നടപടിയാണ്. 4-മത്തെ സ്റ്റേജ് മുതൽ ദൂരമനുസരിച്ചാണ് ചാർജ് ഈടാക്കുന്നത്.

## മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് സ്കാഡുകളുടെ രൂപീകരണം

93 (1148) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും നികുതി പിരിവ് കാര്യ ക്ഷമമായി നടത്തുന്നതിനുമായി മോട്ടോർ വാഹന വകുപ്പിൽ ജില്ലതോറും എൻഫോഴ്സ്മെന്റ് സ്കാഡുകൾ രൂപീകരിക്കണം എന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നുവോ ;

(ബി) തീരുമാനിച്ചിരുന്നുവെങ്കിൽ അത്തരത്തിലുള്ള സ്കാഡുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത്തരം സ്കാഡുകൾ രൂപീകരിച്ച് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly